പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 51 — 26.09.2016 ൽ മറുപടിക്ക്

## കൽക്കരി ഖനനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി. കെ. നാണു<br>ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കൽക്കരി ഖനികൾ ലേലം ചെയ്യുന്നതിൽ നിന്നും ലഭിക്കുന്ന തുക അതത് സംസ്ഥാനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ഉതകുംവിധം ധാതുഖനനം സംബന്ധിച്ച് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുതിയ നയം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) കൽക്കരി ഖനനം സംബന്ധിച്ച പ്രസ്തുത നയം മറ്റ് പ്രകൃതി വിഭവങ്ങളുടെ കാര്യത്തിലും നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; | (ബി) കേന്ദ്ര സർക്കാരിന്റെ 2014 ന് മുമ്പുണ്ടായിരുന്ന നയപ്രകാരം ഊർജ്ജോത്പാദനം, ഇരുമ്പ്, ഉരുക്കുവ്യവസായം എന്നിവയ്ക്കുമാത്രമായി കൽക്കരി ഉപഭോഗം നിജപ്പെടുത്തിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിന്റെ പുതിയ നയപ്രകാരം ഖനനം ചെയ്യാവുന്ന കൽക്കരി ബ്ലോക്കുകൾ (Coal Blocks) ഏത് ആവശ്യത്തിനുവേണ്ടിയും ഉപയോഗിക്കാൻ ലേലം ചെയ്ത് കൊടുക്കാവുന്നതാണ്. ഇപ്രകാരം ചെയ്യുമ്പോൾ സംസ്ഥാന സർക്കാരിലേക്ക് റോയൽറ്റി ഉൾപ്പടെയുള്ള വരുമാനം ലഭിക്കുന്നതാണ്. കേരളത്തിൽ കൽക്കരി എന്ന ധാതു ഖനനം ചെയ്തെടുക്കാനില്ല. ആയതിനാൽ കൽക്കരി സംബന്ധിച്ചുള്ള വരുമാനം കേരളത്തിൽ പ്രസക്തമല്ല. കേരളത്തിൽ ഖനനം ചെയ്തെടുക്കുന്ന എല്ലാ ധാതുക്കൾക്കും നിലവിൽ റോയൽറ്റി സംസ്ഥാന സർക്കാരിന് തന്നെയാണ് ലഭിക്കുന്നത്. |
| (സി) മോണോസൈറ്റിൽ നിന്നും തോറിയം ഉല്പാദിപ്പിച്ച് രാജ്യത്തിന് മുഴുവൻ ഉപകാരപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിനായി സംസ്ഥാനത്തിനു അർഹമായ തുക ലഭിക്കുന്നതിന് ആവശ്യമായ ധാതുനയം നടപ്പിലാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) 1957 ലെ MM(DR) ആക്റ്റിലെ രണ്ടാം ഷെഡ്യൂളിലെ 30-ാം ഇനമായി മോണോസൈറ്റിന് നൽകേണ്ട റോയൽറ്റി നിശ്ചയിച്ചിട്ടുണ്ട്. ഇത് ഒരു ടണ്ണിന് 125 രൂപ എന്ന നിരക്കിലാണ്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന മോണോസൈറ്റിന് മേൽ നിരക്കിൽ സംസ്ഥാന സർക്കാരിന് റോയൽറ്റി കൊടുക്കേണ്ടതായിട്ടുണ്ട്. കേരളത്തിൽ മോണോസൈറ്റ് ഉൽപ്പാദിപ്പിക്കുന്നത് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ IREL, സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ KMML |

➡

എന്നിവയാണ്. മോണോസൈറ്റിനെ സംബന്ധിച്ചും നയം രൂപീകരിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

**സെക്ഷൻ ഓഫീസർ**